മിനിക്കഥ

●

**ഖലീൽ ജിബ്രാൻ**

# നീതി



മൊഴിമാറ്റം
**മുഹമ്മദ് പാണ്ടിക്കാട്**

**പണ്ടൊരു** രാത്രി രാജകൊട്ടാരത്തിൽ രാജകീയമായ സൽക്കാരം നടന്നു.

വിരുന്നുകാർ വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു.

കൂട്ടത്തിലൊരാളെ എല്ലാവരും ശ്രദ്ധിച്ചു.

അവന്റെ ഒരു കണ്ണിൽനിന്നും രക്തം അണമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു.

രാജസദസ്സിലെത്തി ഭവ്യതയോടെ നിന്ന അവനോട് രാജാവ് ചോദിച്ചു: “നിനക്കെന്ത് പറ്റി? ആരാണ് നിന്റെ കണ്ണിന് മുറിവേൽപ്പിച്ചത്?”

“തിരുമേനി” അവൻ പറഞ്ഞു.

“നിത്യവൃത്തിക്കായി മോഷണം പതിവാക്കിയ ഒരു പാവം കള്ളനാണ് ഞാൻ. ഇന്നലെ രാത്രി ഒരു സ്വർണക്കടക്കാരന്റെ വീട്ടിൽ കവർച്ച നടത്താനാണ് ഞാനുദ്ദേശിച്ചിരുന്നത്. പക്ഷേ, അബദ്ധത്തിൽ അയാളുടെ അയൽവാസിയായ നെയ്ത്തുകാരന്റെ മതിലിലാണ് ഞാൻ കയറിയത്. കൂരിരുട്ടുള്ള നേരമായിരുന്നെങ്കിലും നെയ്ത്തുകാരൻ എന്നെ കണ്ടു.

മൽപിടിത്തത്തിനിടയിൽ അവന്റെ കൈയിലുണ്ടായിരുന്ന സൂചി എന്റെ കണ്ണിൽ തട്ടി. എനിക്കവനിൽനിന്ന് നീതി ലഭിക്കേണ്ടിയിരിക്കുന്നു. ഇതെന്റെ വിനീത അഭ്യർഥനയാണ്.”

രാജാവ് ഉടൻ നെയ്ത്തുകാരനെ വിളിച്ചു വരുത്തി അവന്റെ ഒരു കണ്ണ് പിഴുതെടുക്കാൻ ഉത്തരവിട്ടു.

വിധികേട്ട് വിഭ്രാന്തിയിലായ നെയ്ത്തുകാരൻ പറഞ്ഞു: “തിരുമേനിയുടെ വിധി വളരെ നീതിയുക്തമാണ്. എങ്കിലും എനിക്കൊരപേക്ഷയുണ്ട്. വസ്ത്രം തയ്ക്കുന്ന എനിക്ക് രണ്ട് കണ്ണുകളും വളരെ അനിവാര്യമാണ്. എനിക്കൊരു അയൽക്കാരനുണ്ട്. ചെരുപ്പ് കുത്തിയാണയാൾ. അയാൾക്ക് രണ്ട് കണ്ണുകളുടെ ആവശ്യമുണ്ടെന്നെനിക്ക് തോന്നുന്നില്ല. അതിനാൽ എന്റെ കണ്ണിനു പകരം അവന്റെ കണ്ണെടുക്കുകയാണെങ്കിൽ അതായിരിക്കും നീതിയോട് കൂടുതൽ നീതിപുലർത്തുന്നത്.”

നെയ്ത്തുകാരന്റെ ന്യായീകരണത്തിൽ സംതൃപ്തനായ രാജാവ് ചെരുപ്പ്കുത്തിയുടെ ഒരു കണ്ണ് പിഴുതെടുത്ത് തന്റെ നാട്ടിലെ നീതിനിർവഹണത്തിന് കരുത്ത് പകർന്നു. ■